# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/24/2018 2018 ഫെബ്രുവരി 2

## പത്രക്കുറിപ്പ്

### എം.ജി. വി.സി.യ്ക്ക് ഡോ. എസ്. രാധാകൃഷ്ണൻ എജ്യൂക്കേഷൻ എക്സലൻസി അവാർഡ്

കൊൽക്കത്തയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓറിയന്റൽ ഹെറിറ്റേജ് മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യന് ഡോ. എസ്. രാധാകൃഷ്ണൻ എജ്യൂക്കേഷൻ എക്സലൻസി അവാർഡ് നൽകി ആദരിക്കും. പൗരസ്ത്യ പൈതൃക പഠനത്തിനും ഗവേഷണത്തിനുമായി കൊൽക്കത്ത ആസ്ഥാനമായി സ്ഥാപിതമായ അന്തർദ്ദേശീയ സ്ഥാപനമാണിത്. വിദ്യാഭ്യാസ രംഗത്ത് കാഴ്ചവച്ച അക്കാദമികവും ഭരണപരവുമായ മികവിനെ അടിസ്ഥാനമാക്കിയുള്ള ഈ അവാർഡിന് ആദ്യമായാണ് കേരളത്തിൽ നിന്നുള്ള സർവ്വകലാശാലാ വൈസ് ചാൻസലർ തെരഞ്ഞെടുക്കപ്പെടുന്നത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 4, 5, 6 തീയതികളിൽ ഡൽഹിയിൽ വച്ചു നടക്കുന്ന 41-ാമത് അന്തർദ്ദേശീയ സമ്മേളനത്തിൽ ഡോ. ബാബു സെബാസ്റ്റ്യന് അവാർഡ് സമ്മാനിക്കും. വിവിധ മേഖലകളിലെ പണ്ഡിതരും വിശിഷ്ട വ്യക്തികളും പങ്കെടുക്കുന്ന സമ്മേളനത്തിൽ വൈസ് ചാൻസലർ മുഖ്യാതിഥിയായി പങ്കെടുത്ത് ഉദ്ഘാടനം ചെയ്യും. ജഗദ്ഗുരു ശങ്കരാചാര്യ, ശ്രീരാമകൃഷ്ണ പരമഹംസർ, സ്വാമി വിവേകാനന്ദൻ എന്നീ മഹാത്മാക്കളുടെ പേരിൽ സമർപ്പിതമായിരിക്കുന്ന ത്രിദിന സമ്മേളനത്തിൽ യു.എസ്., ഫ്രാൻസ്, ജർമ്മനി, ഇറ്റലി, സ്പെയിൻ, ജപ്പാൻ, ചൈന, മലേഷ്യ, ശ്രീലങ്ക, ബംഗ്ലാദേശ്, നേപ്പാൾ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

**അടിക്കുറിപ്പ്**

**കൊൽക്കത്തയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓറിയന്റൽ ഹെറിറ്റേജിന്റെ ഡോ. എസ്. രാധാകൃഷ്ണൻ എജ്യൂക്കേഷൻ എക്സലൻസി അവാർഡ് നേടിയ മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ**

### എം.ഫിൽ വൈവാവോസി

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ 2015-16 എം.ഫിൽ ബാച്ചിന്റെ വൈവാവോസി ഫെബ്രുവരി 15ന് രാവിലെ 10.30ന് നടത്തും. ഡിസർട്ടേഷൻ ഫെബ്രുവരി 14 വരെ സമർപ്പിക്കാം.

### എം.ഫിൽ അഭിമുഖം

സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ എം.ഫിൽ പ്രവേശനത്തിനായുള്ള അഭിമുഖം ഫെബ്രുവരി 8ന് രാവിലെ 10 മുതൽ പഠനവകുപ്പിൽ വച്ച് നടത്തും. അപേക്ഷകർ ബന്ധപ്പെട്ട അസ്സൽ രേഖകളും ഹാൾ ടിക്കറ്റുമായി ഹാജരാകണം.

### പരീക്ഷാഫലം

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (റഗുലർ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 16 വരെ അപേക്ഷിക്കാം.

2017 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ചെണ്ട, മദ്ദളം (റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. തൃപ്പൂണിത്തറ ആർ.എൽ.വി. കോളേജിലെ ഹരീഷ് പി. ചെണ്ടയിൽ ഒന്നാം സ്ഥാനവും, വിനീത് എം.ആർ., സുദേവ് വർമ്മ എന്നിവർ മദ്ദളത്തിൽ യഥാക്രമം ഒന്നും രണ്ടും

സ്ഥാനവും നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 14 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ബയോടെക്നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 15 വരെ അപേക്ഷിക്കാം.

**കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ് - വാക്ക് ഇൻ ഇന്റർവ്യൂ**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ് തസ്തികയിൽ നിയമനം നടത്തുന്നതിനായി ഫെബ്രുവരി 6ന് സർവ്വകലാശാലാ ആസ്ഥാനത്തുവച്ച് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**